# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1787

08.06.2018 ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണങ്ങളിൽ ചട്ടങ്ങൾ പാലിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വൻകിട കെട്ടിട നിർമ്മാണങ്ങളിൽ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിർമ്മാണത്തിനിടെയുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണങ്ങൾ നിലവിലെ ചട്ടങ്ങൾ പാലിച്ച് തന്നെയാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) പ്രസ്തുത നിർമ്മാണങ്ങൾ നിലവിലെ ചട്ടങ്ങളനുസരിച്ച് തന്നെയാണ് നടത്തുന്നത് എന്ന് ഉറപ്പാക്കാൻ ബിൽഡിംഗ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ഇക്കാര്യം നിർവ്വഹിച്ചുവരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ സുരക്ഷ ഉറപ്പുവരുത്തേണ്ടതും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായാണ് നിർമ്മാണം നടക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും കെട്ടിടം ഉടമയുടേയും ബന്ധപ്പെട്ട അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസറുടേയും/എഞ്ചിനീയറുടേയും ചുമതല കൂടിയാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം എന്നിവയിൽ അദ്ധ്യായം II ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെക്രട്ടറി പാലിക്കേണ്ട വ്യവസ്ഥകളെപ്പറ്റിയും, അദ്ധ്യായം III ൽ അനധികൃത നിർമ്മാണങ്ങളിൽ മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉടമസ്ഥന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും, പ്ലാനുകൾ ഒപ്പുവയ്ക്കുന്ന രജിസ്റ്റർ ചെയ്ത ആർക്കിടെക്ട്/എഞ്ചിനീയർ/ടൗൺ പ്ലാനർ തുടങ്ങിയവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. (യഥാക്രമം കെ.എം.ബി.ആർ. ചട്ടം 20,153, കെ.പി.ബി.ആർ. ചട്ടം 22,144) ഇതിനു |

(തുടർച്ച.......2)

പുറമേ കെ.എം.ബി.ആർ. അദ്ധ്യായം XXIII, കെ.പി.ബി.ആർ അദ്ധ്യായം XXV എന്നിവയിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനുമായി ഒരു വിജിലൻസ് വിംഗ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അവധി ദിവസങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**